**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1423** — **28-07-2021 - ൽ മറുപടിയ്ക്ക്**

**കോട്ടപ്പുറം-കോഴിക്കോട് ദേശീയ ജലപാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോട്ടപ്പുറം-കോഴിക്കോട് ജലപാതയെ ദേശീയ ജലപാതയായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോട്ടപ്പുറം വരെയും പിന്നീട് ദീർഘിപ്പിച്ച കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുമുള്ള ഭാഗങ്ങൾ ദേശീയ ജലപാത അതോറിറ്റി (IWAI) യുടെ ചുമതലയിലാണ്. കോട്ടപ്പുറം കോഴിക്കോട് ദേശീയ ജലപാത IWAI യുടെ നിയന്ത്രണത്തിലായതിനാൽ മേൽപ്പടി ഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങളും പുനരുദ്ധാരണ പ്രവൃത്തികളും IWAI യുടെ മേൽനോട്ടത്തിലാണ് നടന്നു വരുന്നത്. ഈ ഭാഗം ദേശീയജലപാത നിലവാരത്തിൽ ഉയർത്തുന്നതിനായുള്ള DPR കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരിക്കുകയാണ്. |
| (ബി) | ജലപാതയുടെ ഭാഗമായി പൊന്നാനി-ചേറ്റുവ കനാലിന് കുറുകെ പല ഭാഗങ്ങളിലും ഉയരം കുറഞ്ഞ പാലങ്ങൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ പുനർനിർമ്മിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ? | (ബി) | ഉണ്ട്. ആവശ്യമായ വെർട്ടിക്കൽ ക്ലിയറൻസ് ലഭ്യമാക്കുന്നതിലേക്കായി തടസ്സമായി നിൽക്കുന്ന പാലങ്ങൾ പൊളിച്ചു നീക്കി പുതിയ പാലങ്ങൾ പണിയേണ്ടതായിട്ടുണ്ട്. ആയതിനായുള്ള investigation നടപടികൾ സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ